രജിസ്ട്രേഷൻ നടപടിയിൽ വരുത്തിയ മാറ്റങ്ങൾ

*6 [5] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ നടപടിയിലും ഫീസിലും എന്തൊക്കെ മാറ്റങ്ങൾ വരുത്തിയെന്ന് വെളിപ്പെടുത്തുമോ; അപ്രകാരം മാറ്റങ്ങൾ നടപ്പിലാക്കിയ ഉത്തരവുകൾ ലഭ്യമാക്കുമോ;

(ബി) വസ്തുകൈമാറ്റം ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും അടയ്ക്കുന്നതിലേക്ക് ഭൂമിവില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഭൂമിക്കു എന്തു വിലയാണെന്ന് വെളിപ്പെടുത്തുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മാറ്റങ്ങൾ വരുത്തിയ ശേഷം രജിസ്ട്രേഷൻ ഫീസ് ഇനത്തിലും, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുമുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക്, സർച്ചാർജ്ജ് എന്നീ ഇനങ്ങളിൽ വരുത്തിയ മാറ്റങ്ങൾ 2-12-2003-ലെ 18513/ലെജിഎ2/2003/ലാ എന്ന അസാധാരണ ഗസറ്റായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

നിലവിലുണ്ടായിരുന്നത്

	സ്റ്റാമ്പ് ഡ്യൂട്ടി	സർച്ചാർജ്ജ്	രജിസ്ട്രേഷൻ ഫീസ്	ആകെ
പഞ്ചായത്ത്	6	4	2	12
മുനിസിപ്പാലിറ്റി	8.5	4	2	14.5
കോർപ്പറേഷൻ	8.5	5	2	15.5

പുതുക്കിയത്

	സ്റ്റാമ്പ് ഡ്യൂട്ടി	സർച്ചാർജ്ജ്	രജിസ്ട്രേഷൻ ഫീസ്	ആകെ
പഞ്ചായത്ത്	2	2	2	6
മുനിസിപ്പാലിറ്റി	3	2	2	7
കോർപ്പറേഷൻ	4	2	2	8

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 1995-ലെ കേരള മുദ്രപത്രം (ഭൂമിയുടെ വില നിശ്ചയിക്കൽ) റൂൾസ് (3) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർ നിശ്ചയിക്കുന്ന ന്യായ വില റൂൾ (4) പ്രകാരം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരും. 5-1-2004 മുതൽ പ്രാബല്യത്തിൽ അസാധാരണ ഗസറ്റായി ന്യായവില പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വേ നമ്പർ അടിസ്ഥാനത്തിലാണ് ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടുള്ളത്. ഓരോ സ്ഥലത്തെയും ന്യായവില രജിസ്റ്ററുകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, മുനിസിപ്പൽ ഓഫീസുകൾ, കോർപ്പറേഷൻ ഓഫീസുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, ജില്ലാ രജിസ്ട്രാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. സംസ്ഥാനത്തെ ഭൂമിയുടെ ന്യായ വില നിശ്ചയിച്ചുകൊണ്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷനുകൾ നിയമസഭയുടെ മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(സി) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലായിട്ട് ഒരു മാസം മാത്രമായതിനാൽ താരതമ്യപഠനം നടത്തുന്നതിനു സാധിച്ചിട്ടില്ല.

സർക്കാർ ആശുപത്രികളിലെ മരുന്ന് ദൗർലഭ്യം

*7 [6] ശ്രീ. കെ. രാധാകൃഷ്ണൻ:
,, രാജു എബ്രഹാം:
,, ടി. പി. രാമകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ-രൂക്ഷമായ മരുന്ന് ദൗർലഭ്യം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ആശുപത്രികളിൽ അത്യാവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് സെൻട്രൽ പർച്ചേസ് കമ്മിറ്റിയും മരുന്ന് കമ്പനികളുമായുള്ള കരാർ ഈ വർഷം എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സെൻട്രൽ പർച്ചേസ് കമ്മിറ്റി മരുന്നുകളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly